# <u>വചന വിചിന്തനം : മെയ് 3 ഞായർ, 2009</u>

## എഫേസോസ് 2: 1–7

ദൈവികദാനമായ രക്ഷയെപ്പറ്റി എഫേസോസുകാരെ അറിയിക്കുന്നതാണ് പ്രതിപാദനവിഷയം. പാപം മൂലം മൃതരായിരുന്നവർക്ക് കരുണ നിറഞ്ഞവനായ ദൈവം തന്റെ അനന്തമായ സ്നേഹത്താൽ രക്ഷ നല്കിയിരിക്കുന്നു. ക്രിസ്തുവിനോടുകൂടെ ജീവിപ്പിച്ചിരിക്കുന്നു. രക്ഷ ദൈവത്തിന്റെ ദാനമാണ്.

**യോഹ. 16: 16–24**

പരിശുദ്ധാത്മാവിനെ നല്കുമെന്ന വാഗ്ദാനത്തിനുശേഷം ശിഷ്യന്മാരുടെ ഉത്ക്കണ്ഠകളെയും ആകുലതകളെയും മനസ്സിലാക്കി യേശു അവരെ ആശ്വസിപ്പിക്കുന്നു. വീണ്ടും കാണാമെന്നുള്ള വാഗ്ദാനം നല്കുന്നു. ഗർഭിണിയുടെ പ്രസവവേദനപോലെ വളരെ ഹ്രസ്വവും താല്ക്കാലികവുമാണ് യേശുവിന്റെ വേർപാട്. കുട്ടിയുടെ ജനനം എല്ലാ വേദനകളെയും മറക്കുവാനും, അതിയായി സന്തോഷിക്കാനും ഇടനല്കുന്നു. വേദനയുടെയും സഹനങ്ങളുടെയും കാലം സന്തോഷത്തിന്റെയും മഹത്വത്തിന്റെയും മുന്നോടിയാണ്. ദൈവത്തോടു ചേർന്നുനിന്ന് നേടിയെടുക്കുന്ന ആ സന്തോഷം പൂർണ്ണമാണ്. അത് എടുത്തു കളയുവാൻ ആർക്കും സാധിക്കുകയില്ല. പിതാവിനോടുള്ള ഗാഢബന്ധത്തിലേക്കുള്ള വളർച്ചയും സംഭവിക്കേണ്ടതുണ്ട്. അപ്പോൾ യേശുവിന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം ലഭിക്കും.

**വിചിന്തനം.**

ദുഃഖങ്ങളും, സഹനങ്ങളും താല്ക്കാലിക യാഥാർത്ഥ്യമാണെങ്കിലും വളരെ വേദനാജനകമാണ്. എന്നാൽ അത് നമ്മെ എത്തിക്കുന്നത് മഹത്വത്തിലേക്കാണെന്ന യാഥാർത്ഥ്യം പ്രതിസന്ധികളിൽ പ്രചോദനമാകണം. യേശുവിന്റെ പീഡാസഹനവും മരണവും ശിഷ്യരിൽ അസ്വസ്ഥതയും ദുഃഖവും, നിരാശയും സൃഷ്ടിക്കാൻ പോന്നതാണ്. പക്ഷേ ഉത്ഥാനത്തിന്റെ വാഗ്ദാനം അവരിൽ സന്തോഷവും, ആശ്വാസവും നിറക്കാൻ പര്യാപ്തമാണ്. മനുഷ്യജീവിതം(ക്രിസ്തീയ ജീവിതം) എന്നത് ക്രിസ്തുവിനോടൊപ്പമുള്ള ഒരു യാത്രയാണ്. ക്രിസ്തുവിനോടുകൂടെ ജീവിച്ച്, അവനോടുകൂടെ സഹിച്ച് അവനോടൊപ്പം മരിച്ച്, അവനോടുകൂടെ ഉയിർപ്പിക്കപ്പെട്ട് നിത്യം അവനോടൊത്തായിരിക്കുന്ന അവസ്ഥ. ഇതിനാണ് നാം രക്ഷ എന്നു പറയുന്നത്. ഇത് ദൈവികദാനമാണ്. ദൈവത്തോടു ചേർന്നു നിന്ന് മക്കളുടെ സ്വാതന്ത്ര്യത്തോടെ ചോദിച്ചു വാങ്ങിക്കാൻ നമുക്കും കഴിയണം. ദൈവത്തോടു ചേർന്നുനിന്ന് ക്രിസ്തുവിന്റെ ഉത്ഥാനാനുഭവത്തിൽ പങ്കുചേരുമ്പോഴാണ് ദു:ഖങ്ങൾ സന്തോഷമായി മാറുന്ന, വേദനകൾ ഭാരങ്ങളായി മാറാത്ത, സഹനങ്ങൾ നല്ല ഓർമ്മകളായിത്തീരുന്ന അത്ഭുതം സംഭവിക്കുന്നത്.

**ജീവിതത്തിലേക്ക്.**

വലിയ ആഴ്ചയുടെ ഓർമ്മകൾ ജീവിതത്തിൽ അവസാനിക്കുന്നില്ല. ജീവിതം സഹനവും

സന്തോഷവും ഇടകലർന്നൊഴുകുന്ന നദിയാണ്. ഒരു ക്രിസ്ത്യാനി പരിശുദ്ധാത്മാവിന്റെ സഹായത്താൽ ക്രിസ്തുവാകുന്ന മാർഗ്ഗത്തിലൂടെ പിതാവിലെത്തിചേരാൻ വിളിക്കപ്പെട്ടവനാണ്. സഭാത്മകജീവിതം (കൗദാശിക ജീവിതം) അതിനുനമ്മെ സഹായിക്കുന്നു. അവിടെ ആത്മാർത്ഥത പുലർത്തുന്നവർക്ക് ജീവിതത്തിൽ അസ്വസ്ഥതകൾക്കിടമില്ല. ഉത്ക്കണ്ഠതകളും, ആകുലതകളും, സംശയങ്ങളും അവനെ ഭാരപ്പെടുത്തില്ല. യേശുവിന്റെ വാഗ്ദാനം, ഉത്ഥാനത്തിന്റെ അനുഭവം അവന് പ്രത്യാശ നല്കും. യേശുവിനെപ്പോലെ മറ്റുള്ളവരുടെ സഹനങ്ങളിലും വേദനകളിലും ആശ്വാസവും പ്രതീക്ഷയും നല്കുന്ന ഒരു സാഹോദര്യം നാം വളർത്തിയെടുക്കണം. വളരെയേറെ അസ്വസ്ഥമായ ഈ ലോകത്തിൽ പ്രതീക്ഷയുടെ പൊൻകിരണമാകാൻ, ഒരു ചെറുതിരിയെങ്കിലും ആകാൻ, അനേകർക്ക് ആശ്വാസം നല്കുന്ന സാന്നിദ്ധ്യമാകാൻ, നമുക്കും ശ്രമിക്കാം. ദൈവത്തിന്റെ ദാനമായ രക്ഷ സ്വയം സ്വീകരിക്കാൻ നമ്മെതന്നെ സജ്ജരാക്കുന്നതോടൊപ്പം മറ്റുള്ളവർക്കും അതു പകർന്നു കൊടുക്കാൻ, ഒരാളെയെങ്കിലും രക്ഷയുടെ അനുഭവത്തിലേക്ക് ക്ഷണിക്കാൻ നമ്മുടെ കൊച്ചുജീവിതം കൊണ്ട് കഴിയട്ടെ.

**ഫാ. സ്ക്കറിയ ഉറുമ്പിൽ**